## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1457 13/06/2014-ൽ മറുപടിയ്ക്ക്

## മിഷൻ 676 ഉൾപ്പെടുത്തി ജൈവകൃഷി പ്രോത്സാഹനം

ചോദ്യം
ശ്രീ. വി.റ്റി. ബൽറാം
,, വി.ഡി. സതീശൻ
,, എം.എ. വാഹീദ്
,, വർക്കല കഹാർ

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
**(ബഹു. കൃഷിയും മൃഗസംരക്ഷണവും**
**അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പു മന്ത്രി)**

എ) മിഷൻ 676 വഴി എന്തെല്ലാം പദ്ധതികളാണ് കൃഷി വകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

എ) മിഷൻ 676 വഴി താഴെപ്പറയുന്ന പദ്ധതികളാണ് കൃഷി വകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്നത്.

പതാക നൌക പദ്ധതികളായി

1. പച്ചക്കറി സ്വയം പര്യാപ്തത
2. കേര സമൃദ്ധി

മറ്റ് പ്രധാന പദ്ധതികൾ

1. നീര ഉൽപാദനം.
2. മേഖല കൃഷി ഡയറക്ടറേറ്റ്.
3. വിള ആരോഗ്യ പരിപാലനം.
4. എല്ലാ കർഷക ഭവനങ്ങളിലും പോഷകത്തോട്ടങ്ങൾ.
5. ലീഡ്സ് പദ്ധതി.
6. കർഷക ഉൽപാദന സംഘങ്ങളും കാർഷിക മാളും.
7. നിറവ് പദ്ധതി
8. കൃഷി വകുപ്പ് ഫാമുകളുടെ ശാക്തീകരണം.
9. ഒരു ലക്ഷം യുവജനങ്ങൾക്ക് തൊഴിൽ ദാന പദ്ധതി.
10. വിദ്യാലയങ്ങൾക്ക് ബയോഗ്യാസ് പ്ലാന്റ്.
11. കീടരോഗ നിയന്ത്രണം.
12. അഗ്രോ സർവ്വീസ് സെന്ററുകൾ.
13. ജൈവ കൃഷി പ്രോത്സാഹനം
14. ഗുണമേന്മാ പരിശോധന സംവിധാനം.
15. ഓർഗാനിക് സർട്ടിഫിക്കേഷൻ.
16. തൃശ്ശൂരിലെ അഗ്രി കോപ്ലക്സ്.
17. പച്ചക്കറി, പുഷ്പ കൃഷിക്കായി മികവിന്റെ കേന്ദ്രം

മിഷൻ 676 വഴി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തിരം ചെയ്യുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം ജില്ലയിലെ ആനയറയിൽ പ്രവർത്തിക്കുന്ന സമേതി (SAMETI)-യിൽ പ്രിസിഷൻ കൃഷിയ്ക്കായുള്ള ഒരു സെന്റർ ഓഫ് എക്സലൻസിന്റെ സ്ഥാപനം.
2. 2250 ഹെക്ടറിൽ സമഗ്ര വാഴകൃഷി
3. 1500 ഹെക്ടറിൽ സമഗ്ര പൈനാപ്പിൾ കൃഷി
4. 128000 ചതുരശ്രമീറ്റർ പോളിഹൗസുകളുടെ സ്ഥാപനം
5. രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ കണ്ണൂർ, വയനാട്, മലപ്പുറം, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിൽ വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 3500 ഹെക്ടറിൽ പച്ചക്കറികൃഷിയും 400 ഹെക്ടറിൽ സങ്കരയിനം പച്ചക്കറികൃഷിയും വ്യാപിപ്പിക്കൽ.
6. ഒരു വീട്ടിൽ ഒരു മാവ് പദ്ധതിയിൽ ഉൾപ്പെടുത്തി 1.25 ലക്ഷം അത്യുൽപ്പാദനശേഷിയുള്ള ഒട്ടുമാവിൻ തൈകൾ വിതരണം ചെയ്യുന്നു.
7. 3500 ഹെക്ടർ കൃഷിഭൂമി ജൈവ സർട്ടിഫിക്കേഷന് കീഴിൽ കൊണ്ടുവരുന്നു.
8. രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ ഇടുക്കി ജില്ലയിലെ മൂന്നാറിലും വയനാട് ജില്ലയിലും 1500 ഏക്കറിൽ സ്ട്രോബെറി കൃഷി.

മിഷൻ 676 വഴി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

1. പച്ചക്കറി കൃഷി വ്യാപിപ്പിക്കുക
2. 70 ലക്ഷം ശീതകാല പച്ചക്കറിത്തൈകളുടെ വിതരണം
3. ട്രൈബൽ ഡവലപ്പ്മെന്റ് പദ്ധതികൾ-അട്ടപ്പാടിയിലെ പുതൂർ പഞ്ചായത്തിൽ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ വിജയകരമായി നടപ്പിലാക്കികൊണ്ടിരിക്കുന്ന ട്രൈബൽ ഡവലപ്പ്മെന്റ് പദ്ധതിയുടെ തുടർച്ചയായി പുതൂർ പഞ്ചായത്തിലെ 1500 ഹെക്ടറിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.
4. RKVY യുടെ ധനസഹായത്തോടെ ആലപ്പുഴ ജില്ല യിൽ ഒരു ഹൈടെക് പച്ചക്കറിത്തൈ ഉല്പാദന യൂണിറ്റ് സ്ഥാപിക്കുക.

| | | | |
|---|---|---|---|
| ബി) | പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | ബി) | മേൽ പറഞ്ഞ എല്ലാ പദ്ധതികളുടെയും രൂപരേഖ തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. തുടർ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതിയും നൽകിക്കഴിഞ്ഞു. പുതിയ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| സി) | പദ്ധതികൾ സമയ ബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | സി) | തുടർ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ജില്ലകൾക്ക് നൽകിക്കഴിഞ്ഞു. പുതിയ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്ന മുറയ്ക്ക് അവയുടെ മാർഗ്ഗ നിർദ്ദേശങ്ങളും ജില്ലകൾക്ക് നൽകുന്നതാണ്. |
| ഡി) | മിഷൻ 676-ൽ ഉൾപ്പെടുത്തി ജൈവകൃഷി പ്രോത്സാഹനത്തിനും കർഷകക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ? | ഡി) | ഉണ്ട്. |

Sobhana

**സെക്ഷൻ ഓഫീസർ**